വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഹാജർ):അനുപമ റ്റി വി.IAS)

വിഷയം : വനിത ശിശുവികസന വകുപ്പ് - സ്ത്രീകൾക്കുള്ള ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി - 2021-22 വർഷം നടപ്പാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : 18.05.2021 തീയതിയിലെ സ.ഉ.(സാധാ)നം. 326/2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം: WEC4/7253/21 , തീയതി: 07.06.2021**

സമൂഹത്തിൽ വിവിധ തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസലിംഗ്, നിയമ സഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. വനിതകൾക്ക് സേവനം ലഭ്യമാക്കുന്നതിനായി മഹിള ശക്തി കേന്ദ്ര പദ്ധതിയുടെ കീഴിൽ ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള District Level Centre for Women(DLCW) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു കൺസൾട്ടേഷന് 250/- രൂപ ഹോണറേറിയം വീതം 10,000/- കൺസൾട്ടേഷൻ നടത്തുന്നതിന് ആകെ 25,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ കാതോർത്ത് പദ്ധതി 2021-22 വർഷം നടപ്പാക്കുന്നതിന് ആദ്യ ഗഡുവായി ഒരു ജില്ലയ്ക്ക് 10,000/-രൂപ വീതം എല്ലാ ജില്ലകൾക്കുമായി ആകെ 1,40,000/-രൂപ അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു തുക ലഭിക്കുന്നതിനായി അഭ്യർത്ഥിക്കേണ്ടതാണ്. കൂടാതെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എല്ലാ മാസവും 5 –ാം തീയതിയ്ക്കകം ഇതോടോപ്പമുള്ള പ്രോഫോർമ പ്രകാരം കാതോർത്ത് പദ്ധതി നടപ്പാക്കൽ പുരോഗതി വിവരം mskstatecell@gmail.com എന്ന ഇമെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്.

ടി ആവശ്യത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68(03)-P ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ്

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ സ്പെയർ /

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്